**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5614** **08-07-2024 - ൽ മറുപടിയ്ക്ക്**

**വിദേശ രാജ്യങ്ങളിൽ തൊഴിൽ തേടുന്ന കേരളീയർക്ക് ഭാഷാ പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വിദേശ രാജ്യങ്ങളിൽ തൊഴിൽ തേടുന്ന കേരളീയർക്ക് ഭാഷാ പരിശീലനം നൽകാൻ എന്തെങ്കിലും പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. വിദേശ രാജ്യങ്ങളിൽ തൊഴിൽ തേടുന്ന കേരളീയരായ ഉദ്യോഗാർത്ഥികൾക്ക് വിദേശ ഭാഷാ പ്രാവീണ്യവും തൊഴിൽ നൈപുണ്യവും മെച്ചപ്പെടുത്തുന്നതിന് സഹായിക്കുന്ന നോർക്കാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജസ്(NIFL) നിലവിൽ തിരുവനന്തപുരം, കോഴിക്കോട് എന്നീ നഗരങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. കോഴിക്കോട് ജില്ലയിലെ സെന്ററിന്റെ സേവനം കണ്ണൂർ ജില്ലയിലെ ഉദ്യോഗാർത്ഥികൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. കാസർഗോഡ് ജില്ലയിൽ ഒരു സാറ്റ്‌ലൈറ്റ് സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.<br><br>ഉദ്യോഗാർത്ഥികളുടെ സൗകര്യാർത്ഥം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മേഖലകളിൽ വച്ചാണ് റിക്രൂട്ട്മെന്റ് ക്യാമ്പയിനുകൾ സംഘടിപ്പിച്ചുവരുന്നത്. |
| (ബി) | എങ്കിൽ കണ്ണൂർ, കാസർഗോഡ് ജില്ലകൾ കേന്ദ്രീകരിച്ച് ഫോറിൻ ലാംഗ്വേജ് പരിശീലന കേന്ദ്രവും ഉദ്യോഗാർത്ഥികളെ റിക്രൂട്ട് ചെയ്യുന്നതിനുള്ള ഫെസിലിറ്റേഷൻ സെന്ററും ആരംഭിക്കുമോ; വ്യക്തമാക്കാമോ? | (ബി) | ഉണ്ട്. വിദേശ രാജ്യങ്ങളിൽ തൊഴിൽ തേടുന്ന കേരളീയരായ ഉദ്യോഗാർത്ഥികൾക്ക് വിദേശ ഭാഷാ പ്രാവീണ്യവും തൊഴിൽ നൈപുണ്യവും മെച്ചപ്പെടുത്തുന്നതിന് സഹായിക്കുന്ന നോർക്കാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജസ്(NIFL) നിലവിൽ തിരുവനന്തപുരം, കോഴിക്കോട് എന്നീ നഗരങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. കോഴിക്കോട് ജില്ലയിലെ സെന്ററിന്റെ സേവനം കണ്ണൂർ ജില്ലയിലെ ഉദ്യോഗാർത്ഥികൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. കാസർഗോഡ് ജില്ലയിൽ ഒരു സാറ്റ്‌ലൈറ്റ് സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.<br><br>ഉദ്യോഗാർത്ഥികളുടെ സൗകര്യാർത്ഥം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ |

| | | | |
|---|---|---|---|
| | | | മേഖലകളിൽ വച്ചാണ് റിക്രൂട്ട്മെന്റ് ക്യാമ്പയിനുകൾ സംഘടിപ്പിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ